പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1743 — 16.06.2014 -ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുകീഴിലെ റീട്ടെയിൽ ഔട്ട്ലെറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് ആകെ എത്ര റീട്ടെയിൽ ഔട്ട്ലെറ്റുകളാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് ആകെ 338 എഫ്.എൽ.1 ചില്ലറ വിൽപ്പനശാലകളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ബിവറേജസ് കോർപ്പറേഷൻ റീട്ടെയിൽ ഔട്ട്ലെറ്റുകളിലെ പ്രതിദിന ശരാശരി വിൽപ്പന എത്ര തുകയാണ് ; | (ബി) കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റുകളുടെ മൊത്തത്തിലുള്ള പ്രതിദിന ശരാശരി വിൽപ്പന 19.45 കോടി രൂപയാണ്. |
| (സി) ബിവറേജസ് കോർപ്പറേഷൻ റീട്ടെയിൽ ഔട്ട്ലെറ്റുകൾ നവീകരിക്കണമെന്നും ഡൽഹി മാതൃക സ്വീകരിക്കണമെന്നും നിർദ്ദേശിച്ച ബഹു . ഹൈക്കോടതിയുടെ അഭിപ്രായത്തോടുള്ള സമീപനം എന്താണെന്നു വിശദീകരിക്കുമോ? | (സി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഡെൽഹി മാതൃകയിൽ നവീകരിക്കണമെന്നും, ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ മദ്യം വാങ്ങാൻ ക്രമീകരണങ്ങൾ ചെയ്യണമെന്നുമുള്ള കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്